എ.വൈ.ആർ

ധർമഭ്രംശം മൂലം സമ്പൂർണ നാശത്തിലേക്ക് നീങ്ങുന്ന സമുദായങ്ങളെ രക്ഷപ്പെടുത്തുന്നതിനു വേണ്ടിയാണ് ധർമപ്രബോധകരായ ദൈവദൂതന്മാർ ആഗതരാകുന്നത്. അത്തരം സമൂഹങ്ങളിൽ ദൈവവിചാരവും ധർമബോധവും ഉണർത്താൻ, അങ്ങനെ പ്രവാചക സന്ദേശം ഉൾക്കൊള്ളാൻ പ്രേരിപ്പിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കാൻ അല്ലാഹു ചെറിയ ചെറിയ പീഡനങ്ങൾക്ക് അവരെ വിധേയരാക്കിക്കൊണ്ടിരിക്കും.



وَلَقَدْ أَرْسَلْنَا إِلَىٰ ثَمُودَ أَخَاهُمْ صَالِحًا أَنِ اعْبُدُوا اللَّهَ فَإِذَا هُمْ فَرِيقَانِ يَخْتَصِمُونَ ﴿٤٥﴾

45. സമൂദ് ഗോത്രത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെ, 'അല്ലാഹുവിന് വഴിപ്പെടുവിൻ' എന്ന സന്ദേശവുമായി നാം അയച്ചിട്ടുണ്ടായിരുന്നു. അപ്പോഴതാ അവർ രണ്ടു കക്ഷികളായി പിരിഞ്ഞ് പരസ്പരം തർക്കിക്കുന്നു.

**45**

وَلَقَدْ أَرْسَلْنَا = തീർച്ചയായും നാം അയച്ചിട്ടുണ്ടായിരുന്നു

إِلَىٰ ثَمُودَ أَخَاهُمْ صَالِحًا = സമൂദ് ഗോത്രത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെ

أَنِ اعْبُدُوا اللَّهَ = അല്ലാഹുവിനു വഴിപ്പെടുവിൻ (എന്ന സന്ദേശവുമായി) فَإِذَا هُمْ = അപ്പോൾ അവരതാ

فَرِيقَانِ = രണ്ടു കക്ഷികളായി പിരിഞ്ഞ് يَخْتَصِمُونَ = അവർ പരസ്പരം തർക്കിക്കുന്നു

ഇനി ദൈവാനുഗ്രഹങ്ങൾ വേണ്ടുവോളമനുഭവിച്ചുകൊണ്ട് അനുഗ്രഹദാതാവായ അല്ലാഹുവിനെ നിഷേധിക്കുകയും അവൻ അനുശാസിച്ച ധർമങ്ങളെ ധിക്കരിക്കുകയും ചെയ്തതിന്റെ ഫലമായി സമ്പൂർണ നാശത്തിനിരയായ രണ്ട് ജനതകളെ അനുസ്മരിക്കുകയാണ്. സമൂദ് ജനതയും ലൂത്വ് ജനതയുമാണത്. നേരത്തേ പരാമർശിക്കപ്പെട്ട ഫറവോൻ ജനത ഈജിപ്തുകാരായ ഖിബ്ത്വികളും ദാവൂദ്-സുലൈമാൻ(അ)മാരുടെ ജനത ഫലസ്ത്വീനിലെ ഇസ്രാഈല്യരുമാണ്. ഇനി പറയുന്ന രണ്ട് ജനതകളും അറബികളാണ്. ഖുർആൻ അഭിസംബോധന ചെയ്ത അറബികൾക്ക് ഐതിഹ്യങ്ങളിലൂടെ അവർ സുപരിചിതരുമാണ്.

സമൂദ് ജനതയെയാണ് ആദ്യം അനുസ്മരിക്കുന്നത്. നേരത്തേ *അൽ അഅ്റാഫ്* 80-84, *അൽ ഹിജ്ർ* 57-77, *അൽ അമ്പിയാഅ്* 71-75, *അശ്ശുഅറാഅ്* 160-164 സൂക്തങ്ങളിൽ ഈ ജനതയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇവരുടെ ലഭ്യമായ ചരിത്രവിവരങ്ങൾ *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ സംഗ്രഹിച്ചിരിക്കുന്നു. സമൂദ് ഗോത്രത്തിലെ ഒരു ഉന്നത കുടുംബത്തിൽ അംഗമായിരുന്നു സ്വാലിഹ്(അ). ബുദ്ധിവൈഭവം കൊണ്ടും സ്വഭാവശുദ്ധി കൊണ്ടും വിവേകപൂർണമായ പെരുമാറ്റം കൊണ്ടും അദ്ദേഹം കൗമാരകാലത്ത് ആളുകളുടെ സ്നേഹവും മതിപ്പും ആർജിച്ചിരുന്നു. നാടും നാട്ടുകാരും അദ്ദേഹത്തിൽനിന്ന് പലതും പ്രതീക്ഷിച്ചു. ആ പ്രതീക്ഷ തികച്ചും സത്യമായിരുന്നു. പക്ഷേ അത് പുലർന്നത് അവരാഗ്രഹിച്ചതുപോലെയല്ല. നിലവിലുള്ള ദേശീയ സങ്കൽപങ്ങളെയും ആചാരങ്ങളെയും ശക്തിപ്പെടുത്താനും ധാർമിക-സദാചാര മൂല്യബന്ധനങ്ങളിൽനിന്ന് തങ്ങളെ കൂടുതൽ സ്വതന്ത്രരാക്കാനും ഇതര ജനങ്ങളെ ആക്രമിക്കാനും കൊള്ളയടിക്കാനും അങ്ങനെ തങ്ങളെ ആരും ഭയപ്പെടുന്ന വൻ ശക്തിയാക്കി വളർത്താനുമൊക്കെ നേതൃത്വം നൽകുന്ന ഭാവി സ്വാലിഹിനെയായിരുന്നു അവർ പ്രതീക്ഷിച്ചിരുന്നത്.

പ്രവാചകനായി നിയുക്തനായ സ്വാലിഹ് (അ) ആദ്യം ചെയ്തത് അവരുടെ പാരമ്പര്യ സംസ്കാരത്തിന്റെ അടിവേരിനു കത്തിവെക്കുകയാണ്. അദ്ദേഹം പറഞ്ഞു: ജനങ്ങളേ, നിങ്ങൾ സ്വയം സൃഷ്ടിച്ച കൃത്രിമ ദൈവങ്ങളെയും അവയുടെ പേരിലുള്ള അനാചാരങ്ങളെയും വർജിക്കണം. ഏകനായ സാക്ഷാൽ ദൈവത്തിൽ മാത്രം വിശ്വസിക്കുക. അവനെ മാത്രം ആരാധിക്കുക. അക്രമങ്ങളും അനീതികളും അധർമങ്ങളും വെടിഞ്ഞ് അവന്റെ ധർമശാസനകളനുസരിച്ച് ജീവിക്കുക. ആർഭാടങ്ങളും അമിത ഭോഗങ്ങളും അവസാനിപ്പിക്കുക. അമിതമായി കൊട്ടാരക്കെട്ടുകൾ കെട്ടിപ്പൊക്കുന്നതിനു പകരം പാവങ്ങൾക്ക് മിതമായ പാർപ്പിടമൊരുക്കിക്കൊടുക്കുക. മിച്ച ധനം ധൂർത്തടിക്കാതെ ഇല്ലാത്തവർക്ക് വിതരണം ചെയ്യുക. പാവങ്ങളെ ചൂഷണം ചെയ്യാതിരിക്കുക. ഇപ്പോഴത്തെ അവസ്ഥ തുടർന്നാൽ അധികം വൈകാതെ നിങ്ങൾ ദൈവശിക്ഷക്കിരയായിത്തീരും. സ്വാലിഹ് (അ) പ്രബോധനം ചെയ്ത ഈ രക്ഷാ സന്ദേശം എല്ലാവരും

സ്വീകരിക്കേണ്ടതായിരുന്നു. പക്ഷേ അതുണ്ടായില്ല. നാട്ടിലെ പ്രബലരായ സമ്പന്ന വിഭാഗം അദ്ദേഹത്തിന്റെ പ്രവാചകത്വത്തെ നിഷേധിച്ചു. സന്ദേശങ്ങൾ തള്ളിക്കളഞ്ഞു. സമൂഹത്തിലെ ദുർബല വിഭാഗം മാത്രമേ അദ്ദേഹത്തിൽ വിശ്വസിച്ചുള്ളൂ. അവരെയും സത്യവിശ്വാസത്തിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചുകൊണ്ട് വരേണ്യവർഗം ചോദിച്ചു: ''സ്വാലിഹ് അല്ലാഹു നിയോഗിച്ച പ്രവാചകനാണെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണോ നിങ്ങളവനിൽ വിശ്വസിക്കുന്നത്? ആ വിശ്വാസികൾ പ്രതികരിച്ചു: അദ്ദേഹത്തിന്റെ നിയോഗത്തിലും സന്ദേശത്തിലും തീർച്ചയായും ഞങ്ങൾ വിശ്വസിക്കുന്നു. വരേണ്യവർഗം അഹങ്കാരത്തോടെ പ്രഖ്യാപിച്ചു: എന്നാൽ നിങ്ങളുടെ വിശ്വാസത്തെ ഞങ്ങളിതാ പൂർണമായി നിഷേധിച്ചിരിക്കുന്നു'' (7:75,76). ഇത്തരക്കാരെയാണ് فَرِيقَ يَخْتَصِمُونَ എന്ന വാക്യം സൂചിപ്പിക്കുന്നത്. സ്വാലിഹി(അ)നെ അവർ വെല്ലുവിളിച്ചു: ''ഹേ സ്വാലിഹ്, നീ സത്യത്തിൽ ദൈവദൂതൻ തന്നെയാണെങ്കിൽ ഞങ്ങളെ ഭീഷണിപ്പെടുത്തുന്ന ആ ദൈവശിക്ഷ ഒന്നിങ്ങു കൊണ്ടുവന്നാട്ടെ'' (7:77). ■

---

قَالَ يَا قَوْمِ لِمَ تَسْتَعْجِلُونَ بِالسَّيِّئَةِ قَبْلَ الْحَسَنَةِ ۖ لَوْلَا تَسْتَغْفِرُونَ اللَّهَ لَعَلَّكُمْ تُرْحَمُونَ ﴿٤٦﴾

46. സ്വാലിഹ് ചോദിച്ചു: എന്റെ ജനമേ, നന്മക്കു മുമ്പ് നിങ്ങൾ തിന്മക്കു വേണ്ടി ധൃതി കൂട്ടുന്നതെന്തിന്? എന്തുകൊണ്ട് അല്ലാഹുവിനോട് പാപമോചനം തേടുന്നില്ല; നിങ്ങൾക്ക് ദൈവകാരുണ്യം ലഭിക്കാൻ?

**46**

قَالَ = അവൻ പറഞ്ഞു (സ്വാലിഹ് ചോദിച്ചു) يَا قَوْمِ = എന്റെ ജനമേ

لِمَ تَسْتَعْجِلُونَ = നിങ്ങൾ ധൃതി കൂട്ടുന്നതെന്തിന്

بِالسَّيِّئَةِ = തിന്മ(ക്കു വേണ്ടി)കൊണ്ട് قَبْلَ الْحَسَنَةِ = നന്മക്കു മുമ്പ്

لَوْلَا تَسْتَغْفِرُونَ اللَّهَ = നിങ്ങൾ അല്ലാഹുവിനോട് എന്തുകൊണ്ട് പാപമോചനം തേടുന്നില്ല

لَعَلَّكُمْ تُرْحَمُونَ = നിങ്ങൾ കരുണ ചെയ്യപ്പെട്ടേക്കാം (നിങ്ങൾക്ക് ദൈവകാരുണ്യം ലഭിക്കാൻ)

മുകളിൽ സൂചിപ്പിച്ച വെല്ലുവിളി എല്ലാ ദുഷ്ട ജനവും പ്രവാചകന്മാർക്കെതിരെ ഉയർത്താറുള്ളതാണ്. അതിനോടുള്ള സ്വാലിഹ് നബിയുടെ പ്രതികരണമാണ് يَا قَوْمِ ..... تُرْحَمُونَ എന്ന വചനം. എല്ലാ പ്രവാചകന്മാരും ഏതാണ്ടിതേ വിധം തന്നെയാണ് പ്രതികരിക്കാറുള്ളത്. പ്രതിയോഗികളെ അത്യന്തം ഗുണകാംക്ഷയോടെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയാണ്. എന്റെ ജനമേ, അല്ലാഹുവിന്റെ അനുഗ്രഹത്തിലേക്കും കാരുണ്യത്തിലേക്കുമാണ് ഞാൻ ക്ഷണിക്കുന്നത്. അപ്പോൾ നിങ്ങൾ ദൈവകാരുണ്യത്തിനു മുന്നേ ദൈവകോപത്തിനു വേണ്ടി ധൃതികൂട്ടുന്നതെന്തിനാണ്? ശിക്ഷ തേടുന്നതിനുപകരം സ്വന്തം പാപങ്ങളിൽ പശ്ചാത്തപിച്ച് മാപ്പ് തേടിക്കൊണ്ട് അല്ലാഹുവിന്റെ കാരുണ്യത്തിനർഹരാകാനാണ് നിങ്ങൾ ശ്രമിക്കേണ്ടത്. ഇവിടെ ദൈവകോപവും ശിക്ഷയുമാണ് سَيِّئَة കൊണ്ട് വിവക്ഷ. പാപമോചന പ്രാർഥനയും തൽഫലമായുണ്ടാകുന്ന ദൈവകാരുണ്യവുമാണ് حَسَنَة .

മുഹമ്മദ് നബിയെ നിഷേധിച്ച അറബികളും ഇതേ വെല്ലുവിളി ഉയർത്താറുണ്ടായിരുന്നു. നിന്നെ തള്ളിപ്പറഞ്ഞാൽ ഞങ്ങൾ ശിക്ഷിക്കപ്പെടുമെന്ന് താക്കീതു ചെയ്യുന്നുണ്ടല്ലോ. ഞങ്ങളിതാ നിന്നെ പൂർണമായി തള്ളിപ്പറയുന്നു. നിന്റെ താക്കീത് ഒന്ന് നടപ്പിലായിക്കാണട്ടെ. എങ്കിൽ ഞങ്ങൾ നിന്റെ പ്രവാചകത്വത്തിലും നിന്റെ വേദമായ ഖുർആനിലും വിശ്വസിച്ചുകൊള്ളാം. സ്വാലിഹ് നബിയുടെ ജിഹ്വയിലൂടെ മക്കാ മുശ്‌രിക്കുകൾക്ക് കൂടി മറുപടി നൽകിയിരിക്കുകയാണിവിടെ. നിലപാട് തിരുത്തിയില്ലെങ്കിൽ സമൂദ് ഗോത്രത്തിന്റെ പരിണതി അവരും നേരിടേണ്ടിവരുമെന്ന്. ■

---

قَالُوا اطَّيَّرْنَا بِكَ وَبِمَن مَّعَكَ ۚ قَالَ طَائِرُكُمْ عِندَ اللَّهِ ۖ بَلْ أَنتُمْ قَوْمٌ تُفْتَنُونَ ﴿٤٧﴾

47. അവർ കയർത്തു; നീയും നിന്റെ കൂട്ടാളികളും, ഞങ്ങൾക്കു ദുശ്ശകുനമാകുന്നു. അദ്ദേഹം പ്രതികരിച്ചു: നിങ്ങളുടെ ശുഭാശുഭങ്ങളുടെ ഉറവിടം അല്ലാഹുവിങ്കലാകുന്നു. എന്നാൽ നിങ്ങൾ പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ജനമാകുന്നു എന്നതത്രെ സത്യം.

**47**

قَالُوا = അവർ പറഞ്ഞു (കയർത്തു)

اطَّيَّرْنَا بِكَ وَبِمَن مَّعَكَ = നിന്നെക്കൊണ്ടും നിന്റെ കൂടെയുള്ളവരെക്കൊണ്ടും ഞങ്ങൾ ദുശ്ശകുനം കാണുന്നു (നീയും നിന്റെ കൂട്ടാളികളും ഞങ്ങൾക്ക് ദുശ്ശകുനമാകുന്നു)

قَالَ = അദ്ദേഹം പറഞ്ഞു (പ്രതികരിച്ചു) طَائِرُكُمْ = നിങ്ങളുടെ ശകുനം (ശുഭാശുഭങ്ങളുടെ ഉറവിടം)

عِندَ اللَّهِ = അല്ലാഹുവിങ്കലാകുന്നു بَلْ أَنتُمْ = എന്നാൽ നിങ്ങൾ
قَوْمٌ تُفْتَنُونَ = പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ജനമാകുന്നു (എന്നതത്രെ സത്യം)

പക്ഷിയാണ് طير - ഉം طائر - ഉം. പക്ഷികളുടെ ഗതി ശകുനം സൂചിപ്പിക്കുന്നു എന്ന ഒരു അന്ധവിശ്വാസം പൗരാണിക അറബികൾക്കുണ്ടായിരുന്നു. അതിൽനിന്ന് طير - ഉം طائر - (പറക്കുന്നത്)ഉം ശകുനത്തിനും ഉപയോഗിച്ചുവന്നു. ശകുനം ഗ്രഹിക്കുകയാണ് - تطيّر. ഒരു കാര്യം അപശകുനമായി ഗണിക്കുന്നതിന് تطير ب എന്നു പറയും. اطّيرنا - യുടെ അസൽ രൂപം تطيرنا എന്നാണ്. ആദ്യാക്ഷരങ്ങൾ രണ്ടും ശബ്ദ സാദൃശ്യമുള്ളതായതിനാൽ تاء-നെ طاء-ൽ ലയിപ്പിച്ച് تاء -ന്റെ സ്ഥാനത്ത് الف ചേർത്ത രൂപമാണ് اطّيرنا. സ്വാലിഹ് നബിയുടെ മുന്നറിയിപ്പിന് അവർ നൽകിയ മറുപടി ഇതായിരുന്നു: ഞങ്ങളുടെ ആചാര വിശ്വാസങ്ങൾ ഞങ്ങൾക്ക് ആപത്തണക്കുമെന്നാണല്ലോ നിന്റെ മുന്നറിയിപ്പ്. എന്നാൽ നിന്നെയും നിന്റെ കക്ഷിയെയുമാണ് ഞങ്ങളുടെ ദൗർഭാഗ്യവും അപശകുനവുമായി ഞങ്ങൾ കാണുന്നത്. നൂറ്റാണ്ടുകളായി ഞങ്ങൾ ആരാധിച്ചു പ്രീതിപ്പെടുത്തി വരുന്ന ദൈവങ്ങളെ നീ തള്ളിപ്പറയുന്നു. പരമ്പരാഗതമായി പിന്തുടർന്നുവരുന്ന ആചാര സമ്പ്രദായങ്ങളെ അനാചാരങ്ങളെന്ന് ദുഷിക്കുന്നു. ഞങ്ങളുടെ സ്വതന്ത്രമായ സാമ്പത്തിക, സാമൂഹിക വ്യവഹാരങ്ങളെയെല്ലാം വിമർശിക്കുന്നു. ഒരു നല്ല സമൂഹം നശിക്കാൻ ഇതൊക്കെ മതിയല്ലോ. നമ്മുടെ ദൈവങ്ങൾ നിന്നോട് കോപിച്ചിരിക്കുന്നു. അതിന്റെ ലക്ഷണമാണ് ഇടക്കിടെ അവിടവിടെ സംഭവിച്ചുകൊണ്ടിരിക്കുന്ന അത്യാഹിതങ്ങൾ. വാസ്തവത്തിൽ നിന്നിലേക്കിറങ്ങുന്ന ദൈവശിക്ഷയിൽ നിരപരാധികളായ ഞങ്ങളും പങ്കാളികളായിത്തീരുകയാണ്.

ധർമഭ്രംശം മൂലം സമ്പൂർണ നാശത്തിലേക്ക് നീങ്ങുന്ന സമുദായങ്ങളെ രക്ഷപ്പെടുത്തുന്നതിനു വേണ്ടിയാണ് ധർമപ്രബോധകരായ ദൈവദൂതന്മാർ ആഗതരാകുന്നത്. അത്തരം സമൂഹങ്ങളിൽ ദൈവവിചാരവും ധർമബോധവും ഉണർത്താൻ, അങ്ങനെ പ്രവാചക സന്ദേശം ഉൾക്കൊള്ളാൻ പ്രേരിപ്പിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കാൻ അല്ലാഹു ചെറിയ ചെറിയ പീഡനങ്ങൾക്ക് അവരെ വിധേയരാക്കിക്കൊണ്ടിരിക്കും. അത് അല്ലാഹുവിന്റെ നടപടിക്രമ-സുന്നത്ത്-ത്തിൽ പെട്ടതാണ്.

وَلَنُذِيقَنَّهُم مِّنَ الْعَذَابِ الْأَدْنَىٰ دُونَ الْعَذَابِ الْأَكْبَرِ لَعَلَّهُمْ يَرْجِعُونَ

(മഹാ ശിക്ഷ കൂടാതെ നാം അവരെ ചെറു ശിക്ഷകൾ രുചിപ്പിച്ചുകൊണ്ടിരിക്കും; അവർ അധർമത്തിൽനിന്നും അസത്യത്തിൽനിന്നും പിന്തിരിയാൻ - 32:21). മൂസാ നബിയുടെ കാലത്ത് ഫറവോനികൾ പലതരം പീഡനങ്ങൾക്കിരയാക്കപ്പെട്ടതായി ഖുർആൻ പറയുന്നുണ്ട്. മുഹമ്മദ് നബി(സ)യുടെ കാലത്ത് ഭക്ഷ്യക്ഷാമം, വരൾച്ച തുടങ്ങിയ രൂപങ്ങളിൽ മക്കയിലും ഇത്തരം ദുരിതങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഭൗതികവാദികൾ ഇതൊക്കെ പ്രകൃതിയുടെ പ്രവർത്തനത്താൽ തന്നെ ഉണ്ടാകുന്നതാണെന്നും ദൈവത്തിനും ധർമത്തിനുമൊന്നും അതിൽ ഒരു പങ്കുമില്ലെന്നും വാദിച്ചു. വിഗ്രഹാരാധകർ പറഞ്ഞു: നമ്മുടെ സമൂഹത്തിൽ ചിലർ ദൈവങ്ങളെ നിഷേധിച്ചതിനാൽ അവർക്കുണ്ടായ കോപത്തിന്റെ ഫലമാണിതൊക്കെ. ഇതുതന്നെയാണ് സമൂദ് ജനത പറഞ്ഞതിന്റെയും സാരം. സ്വാലിഹ് (അ) അവർക്ക് നൽകിയ മറുപടി ഇതാണ്: നിങ്ങളുടെ ഭാഗ്യനിർഭാഗ്യങ്ങളും ഭാഗധേയവും നിർണയിക്കുന്നത് സ്രഷ്ടാവായ അല്ലാഹുവാകുന്നു; പക്ഷികളോ ജോത്സ്യന്മാരോ ശിലാ വിഗ്രഹങ്ങളോ അല്ല. അല്ലാഹു ആപത്തുകൾ കൊണ്ട് പരീക്ഷിച്ചുകൊണ്ടിരിക്കുകയാകുന്നു എന്നതാണ് സത്യം. ഈ സത്യം മനസ്സിലാക്കി സ്വന്തം നിലപാടുകൾ പുനരാലോചനക്ക് വിധേയമാക്കുകയും സത്യധർമങ്ങളിലേക്ക് മടങ്ങുകയുമാണ് നിങ്ങൾ ഇപ്പോൾ ചെയ്യേണ്ടത്. ■

---

وَكَانَ فِي الْمَدِينَةِ تِسْعَةُ رَهْطٍ يُفْسِدُونَ فِي الْأَرْضِ وَلَا يُصْلِحُونَ ﴿٤٨﴾

48. ആ നഗരത്തിൽ, ഭൂമിയിൽ നാശം സൃഷ്ടിക്കുന്നവരും സംസ്കരണ കാര്യങ്ങളൊന്നും ചെയ്യാത്തവരുമായ ഒമ്പതു സംഘമുണ്ടായിരുന്നു.

قَالُوا تَقَاسَمُوا بِاللَّهِ لَنُبَيِّتَنَّهُ وَأَهْلَهُ ثُمَّ لَنَقُولَنَّ لِوَلِيِّهِ مَا شَهِدْنَا مَهْلِكَ أَهْلِهِ وَإِنَّا لَصَادِقُونَ ﴿٤٩﴾

49. അവർ പറഞ്ഞു: നമുക്കൊരുമിച്ച് ദൈവത്തിന്റെ പേരിൽ ശപഥം ചെയ്യാം; സ്വാലിഹിനെയും കൂട്ടരെയും പാതിരാക്കൊല ചെയ്യാൻ. എന്നിട്ട് നാം അവന്റെ രക്ഷിതാവിനോടു പറയുന്നു: 'സ്വാലിഹും കുടുംബവും കൊല്ലപ്പെടുന്നത് ഞങ്ങൾ കണ്ടിട്ടേയില്ല. തീർച്ചയായും ഞങ്ങൾ പറയുന്നത് സത്യം തന്നെയാകുന്നു.'

وَمَكَرُوا مَكْرًا وَمَكَرْنَا مَكْرًا وَهُمْ لَا يَشْعُرُونَ ﴿٥٠﴾

50. അവർ ഭയങ്കരമായ ഒരു തന്ത്രം മെനയുകയായിരുന്നു. നാമും ഒരു മഹാതന്ത്രം നിശ്ചയിച്ചിരുന്നു. അവർക്ക് ആ ബോധമുണ്ടായിരുന്നില്ല.

فَانظُرْ كَيْفَ كَانَ عَاقِبَةُ مَكْرِهِمْ أَنَّا دَمَّرْنَاهُمْ وَقَوْمَهُمْ أَجْمَعِينَ ﴿٥١﴾

51. നോക്കൂ, അവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന്! നാം ആ സംഘങ്ങളെയും അവരുടെ ജനത്തെയൊക്കെയും തകർത്തു തരിപ്പണമാക്കിക്കളഞ്ഞു;

**48–51**

وَكَانَ فِي الْمَدِينَةِ = ആ നഗരത്തിൽ ഉണ്ടായിരുന്നു

تِسْعَةُ رَهْطٍ = ഒമ്പതു സംഘം, ഗോത്രം, കുടുംബം, വ്യക്തികൾ

يُفْسِدُونَ فِي الْأَرْضِ= ഭൂമിയിൽ നാശം സൃഷ്ടിക്കുന്നവ(രും) രായ

وَلَا يُصْلِحُونَ= സംസ്കരിക്കാ (സംസ്കരണ കാര്യങ്ങളൊന്നും ചെയ്യാ)ത്തവരുമായ قَالُوا= അവർ പറഞ്ഞു

تَقَاسَمُوا= നിങ്ങൾ പരസ്പരം സത്യം ചെയ്യുവിൻ (നമുക്കൊന്നിച്ചു ശപഥം ചെയ്യാം) بِاللَّهِ= ദൈവത്തിന്റെ പേരിൽ

لَنُبَيِّتَنَّهُ= നമ്മൾ അവനെ രാത്രിയിൽ അക്രമിക്കുക തന്നെ ചെയ്യും (സ്വാലിഹിനെ പാതിരാക്കൊല ചെയ്യാൻ)

وَأَهْلَهُ= അവന്റെ കൂട്ടരെയും ثُمَّ = എന്നിട്ട് لَنَقُولَنَّ = തീർച്ചയായും നാം പറയുന്നു

لِوَلِيِّهِ = അവന്റെ രക്ഷിതാവിനോട് مَا شَهِدْنَا = ഞങ്ങൾ സാക്ഷികളായിട്ടില്ല, ഹാജരായിട്ടില്ല (കണ്ടിട്ടേയില്ല)

مَهْلِكَ أَهْلِهِ = അവന്റെ കൂട്ടരുടെ നശീകരണത്തിന്, നശീകരണ വേളയിൽ (സ്വാലിഹും കൂട്ടരും കൊല്ലപ്പെടുന്നത്)

وَإِنَّا لَصَادِقُونَ= ഞങ്ങൾ സത്യവാന്മാർ തന്നെയാകുന്നു (തീർച്ചയായും ഞങ്ങൾ പറയുന്നതു സത്യം തന്നെയാകുന്നു)

وَمَكَرُوا= അവർ തന്ത്രം മെനയുകയായിരുന്നു مَكْرًا = ഭയങ്കരമായ ആ കുതന്ത്രം

وَمَكَرْنَا = നാമും ഒരു തന്ത്രം നിശ്ചയിട്ടുണ്ടായിരുന്നു مَكْرًا= ഒരു മഹാ തന്ത്രം

وَهُمْ لَا يَشْعُرُونَ= അവർ അറിയാത്ത, അവർക്ക് ബോധ്യം ഇല്ലാത്ത നിലയിൽ (അവർക്കു ആ ബോധം ഉണ്ടായിരുന്നില്ല)

فَانظُرْ = നീ നോക്കുക كَيْفَ كَانَ = എങ്ങനെയായിരുന്നു(വെന്ന്) عَاقِبَةُ مَكْرِهِمْ= അവരുടെ തന്ത്രത്തിന്റെ പര്യവസാനം

أَنَّا دَمَّرْنَاهُمْ = നാം അവരെ (ആ സംഘങ്ങളെയും) തകർത്തു (തരിപ്പണമാക്കിക്കളഞ്ഞു)

وَقَوْمَهُمْ أَجْمَعِينَ= അവരുടെ ജനത്തെയൊക്കെയും

കുടുംബത്തിനും ചെറു സംഘത്തിനും رهط എന്നു പറയും. ഏകവചനമായും ബഹുവചനമായും ഉപയോഗിക്കുന്ന പദമാണിത്. ഖുർആൻ ഇത് ഉപയോഗിച്ചിട്ടുള്ളതും കുടുംബത്തെ ഉദ്ദേശിച്ചാണ്. ശുഐബ് നബിയുടെ ശത്രുക്കൾ അദ്ദേഹത്തെ ഇങ്ങനെ ഭീഷണിപ്പെടുത്തിയതായി സൂറ *ഹൂദിൽ* പറയുന്നുണ്ട്: وَلَوْلَا رَهْطُكَ لَرَجَمْنَاكَ (നിന്റെ കുടുംബമില്ലായിരുന്നുവെങ്കിൽ ഞങ്ങൾ നിന്നെ എറിഞ്ഞുകൊന്നതുതന്നെ). ഇവിടെ رهط കൊണ്ടുദ്ദേശ്യം ഗോത്രമാകാം, ഗുണ്ടാ സംഘവുമാകാം. വ്യക്തിയെ ഉദ്ദേശിച്ചും ചിലപ്പോൾ رهط ഉപയോഗിക്കും. അങ്ങനെയെങ്കിൽ ഒമ്പതു ഗുണ്ടകളുണ്ടായിരുന്നു എന്നാണുദ്ദേശ്യം. സൂറ *ഹൂദിൽ* رهط ഉപയോഗിച്ചത് കുടുംബത്തെ ഉദ്ദേശിച്ചായതിനാൽ ഇവിടെ ഗോത്രമാണുദ്ദേശ്യമെന്ന് കരുതുന്നതാണ് കൂടുതൽ ഉചിതം. അതായത്, ആ നഗരത്തിൽ നശീകരണാത്മകമായ കൃത്യങ്ങളിൽ ഉത്സുകരും സംസ്കരണപരമായ പരിപാടികളിലൊന്നും ഒട്ടും താൽപര്യമില്ലാത്തവരുമായ ഒമ്പത് ഗോത്രങ്ങളുണ്ടായിരുന്നു. അവർ ഒന്നിച്ചൊരു തീരുമാനമെടുത്തു; സ്വാലിഹിനെയും സംഘത്തെയും പാതിരാക്കൊല ചെയ്യുമെന്ന് നമുക്ക് ദൈവത്തിന്റെ പേരിൽ പ്രതിജ്ഞയെടുക്കാം. അനന്തരം അദ്ദേഹത്തിന്റെ രക്ഷിതാവിനോട് ഈ രക്തത്തിൽ നമുക്ക് പങ്കില്ലെന്നും നമ്മൾ അതറിഞ്ഞിട്ടേയില്ലെന്നും പറയാം. അറബികളുടെ പ്രതികാരദാഹം പുരാതനകാലത്തേ പ്രസിദ്ധമാണ്. കൊല്ലപ്പെട്ടയാളുടെ ഗോത്രം കൊലയാളിയെ സഹായിച്ച എല്ലാ ഗോത്രങ്ങളോടും പ്രതികാരം ചെയ്യും. സ്വാലിഹ് നബിയുടേതു നാട്ടിലെ പ്രമുഖ ഗോത്രമായിരുന്നു. കൊലയാളിയെ തിരിച്ചറിഞ്ഞാൽ ഈ ഒമ്പത് ഗോത്രങ്ങളോടും അവർ പ്രതികാരം ചെയ്യും. അതൊഴിവാക്കാനായിരുന്നു ഈ തന്ത്രം. ഒരാളുടെ ഗോത്രത്തലവനും കുടുംബനാഥനും അയാളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഉത്തരവാദപ്പെട്ട ഉറ്റ ബന്ധുവുമൊക്കെയാണ് ولي. രാത്രി ഒളിച്ചുചെന്ന് മിന്നലാക്രമണത്തിലൂടെ കൊല നടത്തുന്നതിന് تبييت എന്നും بيات എന്നും പറയും. تبييت -ന്റെ ഭാവികാല ഉത്തമ പുരുഷ ബഹുവചന ക്രിയയാണ് نُبَيِّتُ. ഇതിന്റെ വിപരീതം التصبّح ആണ്- പ്രഭാതത്തിൽ കടന്നാക്രമിക്കുക. എതിരാളികളെ പ്രഭാത സമയത്ത് പെട്ടെന്ന് കടന്നാക്രമിക്കുകയായിരുന്നു അറബികളുടെ സമ്പ്രദായം. അതിൽനിന്നാണ് ശത്രുവിന്റെ ആഗമനം മുന്നറിയിപ്പ് നൽകാൻ وا صباحاه എന്ന പ്രയോഗമുണ്ടായത്. اهلك എന്ന ക്രിയയുടെ നാമരൂപമാണ് مَهْلِكَ. നശീകരണം എന്നാണർഥം. ഇവിടെ ഉദ്ദേശ്യം കൊലപാതകമാണ്.

ഖുറൈശി ഗോത്രങ്ങൾ ചേർന്ന് മുഹമ്മദ് നബിയെയും ഈ വിധം വധിക്കാൻ തീരുമാനിച്ചിരുന്നു. എല്ലാ ഖുറൈശി കുടുംബങ്ങളും ഒത്തുചേർന്ന് കൊല നടത്തണമെന്നായിരുന്നു അവരുടെയും പരിപാടി. അപ്പോൾ അബൂത്വാലിബിന്റെ നേതൃത്വത്തിലുള്ള ഹാശിം കുടുംബത്തിന് എല്ലാ ഖുറൈശി ഗോത്രങ്ങളോടും പ്രതികാരയുദ്ധം നടത്തേണ്ടിവരും. അതിനവർക്ക് സാധിക്കുകയില്ല. പക്ഷേ, ആ തീരുമാനം നടപ്പാക്കുന്നതിൽ അല്ലാഹു അവരെ പരാജയപ്പെടുത്തി. ഖുറൈശികൾ വധിക്കാൻ തീരുമാനിച്ച രാത്രി പ്രവാചകനും ശിഷ്യൻ അബൂബക്റും വീടുവിട്ട് മദീനയിലേക്ക് പലായനം ചെയ്യുകയായിരുന്നു. അതേപോലെ ഒരു കുതന്ത്രം മെനഞ്ഞതായിരുന്നു സമൂദ് സമുദായത്തിലെ ഈ ഗോത്രങ്ങളും. പക്ഷേ, അവരുടെ തന്ത്രത്തെ നിഷ്ഫലമാക്കുന്ന ഒരു മഹാതന്ത്രം അല്ലാഹു നിശ്ചയിച്ചുവെച്ചിട്ടുണ്ടെന്ന് അവരറിഞ്ഞില്ല. അവരുടെ കുതന്ത്രത്തിന്റെ പരിണതി എന്തായി എന്നാലോചിച്ചു നോക്കുക. ആ സംഘങ്ങളെയും ജനതയെയും ഒന്നടങ്കം അല്ലാഹു തകർത്തുതരിപ്പണമാക്കി. മുഹമ്മദ് നബിക്കെതിരെ ഖുറൈശികൾ ഇത്തരമൊരു തന്ത്രം ആവിഷ്കരിക്കുന്നുണ്ടെന്നും പക്ഷേ അല്ലാഹു പ്രവാചകനെ രക്ഷിക്കുകയും അവരെ ശിക്ഷിക്കുകയും ചെയ്യുമെന്നുമുള്ള സൂചനയും ഈ വചനങ്ങളിലുണ്ട്. ■